## സെപ്റ്റംബർ 2024

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

എല്ലാവർക്കും മംഗളകരമായ ഓണാശംസകൾ. മലയാളികളുടെ പൊതു ഉത്സവമായ ഓണം കേരളത്തിന്റെ സമ്പന്നമായ പാരമ്പര്യവും സംസ്കാരവും അടയാളപ്പെടുത്തുന്നു. മഹാബലി എന്ന അസുര രാജാവിന്റെ കാലത്ത് കേരളം സമൃദ്ധിയും സമാധാനവും നിറഞ്ഞ ഒരു പ്രദേശമായിരുന്നു എന്ന് കരുതപ്പെടുന്നു. ആ നല്ല നാളുകൾ ഓർമ്മിക്കുന്നതോടൊപ്പം ഓണത്തിന്റെ സന്ദേശമായ സമത്വം, സന്തോഷം, സമൃദ്ധി എന്നീ മൂല്യങ്ങൾ ഇന്ന് ചോർന്നുപോയിട്ടുണ്ടോ എന്ന് നാം സ്വയം ശോധന ചെയ്യേണ്ടിരിക്കുന്നു. മഹാബലി രാജാവുമായി ബന്ധിപ്പിച്ചുള്ള ഐതിഹ്യം കേരളത്തിലെ കീഴാള സമൂഹങ്ങളുടെ വിജയഭേരിയായി മനസ്സിലാക്കുന്നവർ ഏറെയാണ്. ദളിതർക്കും സ്ത്രീകൾക്കും എതിരായ അക്രമങ്ങൾ വർദ്ധിച്ചു വരുന്ന ഈ കാലത്ത് ഓണത്തിന്റെ സന്ദേശത്തിന് മറ്റ് എന്നത്തേതിലും അധികം പ്രസക്തിയുണ്ട്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഓണനാളുകൾ വിളവെടുപ്പിന്റെ ഉത്സവം കൂടിയാണ്. കർക്കിടകത്തിന്റെ കാർമേഘങ്ങൾ പെയ്തൊഴിഞ്ഞ് വിളവെടുപ്പിനാൽ കളപ്പുരകൾ നിറയുന്ന സമയം. എന്തായാലും വയനാടിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ ഓണം. കരച്ചിലിന്റെയും വേദനയുടെയും പശ്ചാത്തലത്തിൽ സർക്കാരിന്റെ നേതൃത്വത്തിലുള്ള ആഘോഷങ്ങൾ ഈ വർഷം ഒഴിവാക്കിയിരിക്കുന്നു.

പ്രകൃതി ദുരന്തങ്ങൾ നമ്മുടെയാരുടെയും കൈപ്പിടിയിൽ ഒതുക്കാവുന്ന ഒന്നല്ല എന്ന് വയനാട് ഉരുൾ പൊട്ടലും നമ്മെ ഓർമ്മിപ്പിക്കുന്നു. വയനാട്ടിലെ പുനരധിവാസ പ്രവർത്തനങ്ങളിൽ സഭയും പങ്കാളിയാവുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച്, സഭ നേരിട്ട് പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുവാനാണ് താല്പര്യം. ദുരന്തത്തിൽ ഭൂമിയും വീടും നഷ്ടമായവർക്ക് 5 സെന്റ് ഭൂമി വീതം സംസ്ഥാന സർക്കാർ ലഭ്യമാക്കിയാൽ സ്ഥലവും വീടും നഷ്ടപ്പെട്ട 25 കുടുംബങ്ങൾക്ക് സഭയായി വീട് നിർമ്മിച്ച് നൽകാമെന്ന് സർക്കാരിനെ അറിയിച്ചു. തുടർചർച്ചകൾ പുരോഗമിക്കുന്നു. സർക്കാർ ഭൂമി ലഭ്യമാകാതെ വന്നാൽ മലബാർ പ്രദേശത്ത് സഭയുടെ പേരിലുള്ള ഭൂമി, അവിടെ വന്ന് പാർക്കുവാൻ താല്പര്യമുള്ള കുടുംബങ്ങൾക്കായി അവരുടെ പേരിൽ നൽകുകയും ജില്ലാ കളക്ടറുടെ അനുമതി കിട്ടുന്ന മുറയ്ക്ക് സഭയായി വീട് നിർമ്മിച്ച് നല്കുകയും ചെയ്യും. കുന്നംകുളം-മലബാർ ഭദ്രാസനവും ഭൂമി ഇപ്രകാരം നല്കുന്നതിൽ ആവശ്യമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് തക്കതായ ഉപജീവന മാർഗം കണ്ടെത്തുന്നതിനും സഭയായി ക്രമീകരണങ്ങൾ ചെയ്യണമെന്നാഗ്രഹിക്കുന്നു. മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങളെ വളർത്തുന്നതിനും പഠിപ്പിക്കുന്നതിനും സഭയുടെ സ്ഥാപനങ്ങളിലൂടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാവുന്നതാണ്. വൈദ്യസഹായം ആവശ്യമായവർക്ക് ചുങ്കത്തറ മാർത്തോമ്മാ ആശുപത്രിയിലൂടെയും മൊബൈൽ ക്ലിനിക്കുകളിലൂടെയും സൗകര്യം ഒരുക്കും. വയോജനങ്ങൾക്ക് കരുതൽ ആവശ്യമെങ്കിൽ സഭയുടെ പാലിയേറ്റിവ് കെയർ യൂണിറ്റിൽ താമസ സൗകര്യം ക്രമീകരിക്കും. പരമാവധി തുക സമാഹരിച്ച് സഭയായി നേരിട്ട് ഈവിധ പ്രവർത്തനങ്ങൾ നടത്താനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആഗസ്റ്റ് 29, 30 തീയതികളിൽ ഭദ്രാസന അദ്ധ്യക്ഷനോടൊപ്പം ഞാനും വയനാട് ദുരിത മേഖല സന്ദർശിക്കുന്നതിനും കളക്ടറെ കണ്ട് ചർച്ച നടത്തി വ്യക്തത വരുത്തുന്നതിനും ആഗ്രഹിക്കുന്നു.

സഭാ പ്രതിനിധി മണ്ഡലം സെപ്റ്റംബർ മാസത്തിൽ കൂടുന്നതിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. സഭാ ഭരണക്രമത്തിൽ സുതാര്യതയും ഉത്തരവാദിത്തവും സമഗ്രതയും ഉറപ്പുവരുത്തുന്നതിൽ സഭാജനങ്ങളുടെ പ്രാതിനിധ്യം അനിവാര്യമാണെന്ന തിരിച്ചറിവിലാണല്ലോ നമ്മുടെ സഭാ പ്രതിനിധി മണ്ഡലം എല്ലാവർഷവും ക്രമീകരിക്കപ്പെടുന്നത്. സഭയുടെ സാക്ഷ്യ മേഖലകളിലെ അപര്യാപ്തയും ഭരണക്രമത്തിലുണ്ടാകാവുന്ന വ്യതിയാനങ്ങളും ചൂണ്ടിക്കാണിക്കുന്നതോടൊപ്പം സഭയുടെ മുന്നോട്ടുള്ള ഗതിയെ ക്രിയാത്മകമായി നയിക്കുവാൻ പര്യാപ്തമായ ദർശനങ്ങളുടെ പങ്കുവയ്ക്കലും മണ്ഡലയോഗങ്ങളിൽ നിന്നും നാം എല്ലാവരും പ്രതീക്ഷിക്കുന്നു. സഭാ ഭരണഘടനയും മണ്ഡല നടപടിക്രമങ്ങളും എല്ലാ മണ്ഡലാംഗങ്ങളും അറിഞ്ഞിരി

ക്കേണ്ടത് അനിവാര്യതയാണല്ലോ. മാർത്തോമ്മാ അംഗങ്ങൾ അടങ്ങുന്ന ചില സാമൂഹ്യ മാധ്യമങ്ങളിലൂടെ ഭരണഘടനാ സാക്ഷരത ഉറപ്പുവരുത്തുന്നു എന്നറിയുന്നു. എന്നാൽ ചിലപ്പോഴെങ്കിലും വ്യാജ വാർത്തകളും അർദ്ധ സത്യങ്ങളും ഒക്കെ അവതരിപ്പിച്ചു സഭ ആകെ കളങ്കപ്പെട്ടിരിക്കുന്നു എന്ന രീതിയിൽ സമീപിക്കുന്നത് ഒട്ടും ആശാസ്യമല്ല എന്നറിയിക്കട്ടെ. ഭാരതത്തിലെ മറ്റു സഭകൾക്കുപോലും മാതൃകയാകുന്ന ഉത്തരവാദിത്വ ഭരണവും ജനപങ്കാളിത്തവും ഉറപ്പുവരുത്തുന്ന ഒരു സഭയാണ് നമ്മുടേതെന്ന് നാം എല്ലാം അറിഞ്ഞിരിക്കണം. എന്നാൽ ജനാധിപത്യത്തിന്റെ പേരിൽ സമ്മർദ്ദ ഗ്രൂപ്പുകൾ രൂപപ്പെടുത്തി പ്രവർത്തിക്കുന്നത് ഉചിതമോ എന്ന് നാം ചിന്തിക്കണം. ജനാധിപത്യം പാരസ്പരികതയിലാണ് അടിസ്ഥാനമിട്ടിരിക്കുന്നത്. സമവായ രീതിയാണ് നാം പ്രധാനമായും അനുകരിക്കുന്നത്. ഭൂരിപക്ഷ ന്യൂനപക്ഷ ധ്രുവീകരണത്തിനപ്പുറമായി സഭയുടെ നന്മയ്ക്കുവേണ്ടി എങ്ങനെ പ്രവർത്തിക്കാമെന്ന് നാം കൂട്ടായി ചിന്തിക്കണം.

സഭയുടെ പൂർണ സമയ ശുശ്രൂഷയിലേക്കു സമർപ്പിതരായ 29 പേരെ പ്രാഥമിക പരീക്ഷയിലൂടെയും ഇന്റർവ്യൂവിലുടെയും 2025 ൽ ആരംഭിക്കുന്ന ബി. ഡി. പഠനത്തിനായി തിരഞ്ഞെടുത്തു. പ്രായോഗിക പരിശീലനത്തിന് ശേഷം അവരെ വീണ്ടും വൈദീക തെരഞ്ഞെടുപ്പ് കമ്മിറ്റി ഇന്റർവ്യൂ ചെയ്യുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട എല്ലാവരെയും അവരുടെ മാതാപിതാക്കളെയും അഭിനന്ദിക്കുന്നു. സഭയുടെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള യുവാക്കൾ വൈദീക അഭ്യസനത്തിന് താൽപര്യപൂർവ്വം മുൻപോട്ടു വരുന്നുവെന്നത് സന്തോഷകരമാണ്. തിരഞ്ഞെടുക്കപ്പെടാതെ പോയവർ സമർപ്പിതരല്ല എന്നർത്ഥമില്ല. മറിച്ച്, തെരഞ്ഞെടുപ്പിനായി രൂപപ്പെടുത്തിയ ചില മാനദണ്ഡങ്ങൾക്കു അവർ അനുയോജ്യരായില്ല എന്ന് മാത്രമേ അർത്ഥമുള്ളൂ. അവർക്കു തുടർന്നും സഭയിൽ പ്രവർത്തിക്കുവാൻ താല്പര്യം ഉണ്ടെങ്കിൽ അങ്ങനെയുള്ളവരെ എങ്ങനെ ഉപയുക്തമാക്കാം എന്ന് അതാത് ഭദ്രാസനങ്ങളായി ചിന്തിക്കേണ്ടതാണ്. വൈദീക ശുശ്രൂഷയ്ക്കപ്പുറമായി ശുശ്രൂഷയുടെ തലങ്ങളെ രൂപപ്പെടുത്തുവാനും നാം കൂട്ടായി ചിന്തിക്കണം. അനുയോജ്യരും താല്പര്യമുള്ളവരുമായ ആരും നമുക്ക് നഷ്ടപ്പെടരുത്. മിഷൻ ഫീൽഡുകളിൽ നിന്നുള്ള ചെറുപ്പക്കാർ വൈദീക തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പലപ്പോഴും പുറന്തള്ളപ്പെട്ടു പോകുന്നു എന്നതും നാം ഗൗരവമായി കാണണം. മിഷൻ ഫീൽഡുകളിൽ നിന്നുള്ള വിദ്യാർത്ഥികളും വൈദീക തെരഞ്ഞെടുപ്പിനുള്ള എൻട്രൻസ് പരീക്ഷയിലും ഇന്റർവ്യൂവിലും വിജയിക്കുവാൻ ആവശ്യമായ പരിശീലനം അവർക്ക് നൽകുന്നതിനെപ്പറ്റിയും നാം ചിന്തിക്കണം. 2025-26 അദ്ധ്യയന വർഷം മുതൽ പ്രൈവറ്റായി ബി. ഡി. പഠനത്തിന് ചേർന്ന് പഠിച്ചിറങ്ങുന്നവരെ സഭയുടെ വൈദിക ശുശ്രൂഷയ്ക്കായി പരിഗണിക്കുന്നതല്ല എന്നതും അറിയിക്കുന്നു.

ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ കേരള ഓക്സിലിയറി പ്രസിഡന്റായി മാർത്തോമ്മാ മെത്രാപ്പോലീത്തായും ഓക്സിലിയറി ട്രഷറർ ആയി കൊല്ലാട് ബെത്ലെഹേം മാർത്തോമ്മാ ഇടവക അംഗം ഡോ. സാബു ടി. തോമസും തിരഞ്ഞെടുക്കപ്പെട്ടു എന്നത് നമ്മുടെ സഭയ്ക്ക് ലഭിച്ച അംഗീകാരമാണ്. കോഴിക്കോട് സി. എസ്. ഐ. കത്തീഡ്രലിൽ ആഗസ്റ്റ് 20 ന് നടന്ന കേരള ഓക്സിലിയറിയുടെ 68-ാമത് വാർഷിക സമ്മേളനത്തിലാണ് ഈ തെരഞ്ഞെടുപ്പുകൾ നടന്നത്. ബാംഗ്ലൂർ വൈറ്റ്ഫീൽഡ് കേന്ദ്രമായി പ്രവർത്തിക്കുന്ന എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിൽ 31-ാം റവ. എം. എ. തോമസ് സ്മാരക പ്രഭാഷണം ആഗസ്റ്റ് 17-ാം തീയതി നടന്നതിൽ അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത ചിന്തകയും എഴുത്തുകാരിയുമായ ഡോ. മേരി ജോൺ, Indian Women in the Twenty First Century: New Predicaments എന്ന വിഷയം അധികരിച്ചു പ്രഭാഷണം നിർവ്വഹിച്ചു. നമ്മുടെ സഭയിലെ വൈദീകനായിരുന്ന യശഃശരീരനായ റവ. ഡോ. എം. എ. തോമസ് അച്ചനാണ് എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിന്റെ സ്ഥാപകൻ എന്നത് നമുക്കേവർക്കും അഭിമാനകരമായ കാര്യമാണ്. പണിപൂർത്തീകരിച്ച സഭാ സെക്രട്ടറിയേറ്റിൽ സഭാ ആഫീസ് പ്രവർത്തനങ്ങൾ ആരംഭിച്ചു. സെപ്റ്റംബർ മാസത്തോടെ വിവിധ സംഘടനകളുടെ ആഫീസ് പ്രവർത്തനങ്ങളും പുതിയ കെട്ടിടത്തിൽ ആരംഭിക്കുന്നതാണ്.

ബംഗ്ലാദേശിലെ സമീപകാല രാഷ്ട്രീയ സംഭവ വികാസങ്ങൾ ആശങ്കാജനകമാണ്. നിലവിലെ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ സിവിലിയൻ ഭരണത്തിലേക്കുള്ള തിരിച്ചുവരവിന് മുൻഗണന നൽകേണ്ടത് ആവശ്യമാണ്. സുസ്ഥിരവും ജനാധിപത്യപരവുമായ ഒരു ഗവൺമെന്റ് സ്ഥാപിക്കേണ്ടത് രാജ്യത്തിന്റെ ദീർഘകാല സമാധാനത്തിനും സമൃദ്ധിക്കും നിർണായകമാണ്. സമാധാനപരമായ ഒരു പരിവർത്തനത്തിനായി സംവാദത്തിൽ ഏർപ്പെടുവാനും സഹകരിച്ച് പ്രവർത്തിക്കുവാനും ആ രാജ്യത്തെ വിവിധ വിഭാഗങ്ങൾ തയ്യാറാകണം. കൂടാതെ, ബംഗ്ലാദേശിലെ റോഹിങ്ക്യൻ അഭയാർത്ഥികളുടെ ജീവൻ നിലനിർത്തേണ്ടതും ആവശ്യമാണ്. ഈ നിർണായക ഘട്ടത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിൽ ആക്രമണത്തിനിരയായ വംശീയ, മത ന്യൂനപക്ഷങ്ങളോടുള്ള ഐക്യദാർഢ്യവും പ്രാർത്ഥനയും നാം ഉറപ്പു നൽകുന്നു.

നമ്മുടെ സഭയുടെ നവോദയ മൂവ്മെന്റ് എന്ന പ്രസ്ഥാനം കേരളത്തിലും കേരളത്തിനു വെളിയിലും വളർന്നുവരുന്നു എന്നത് സന്തോഷമാണ്. പ്രത്യേകിച്ച് മഹാരാഷ്ട്രയിലും കേരളത്തിലും സജീവമായ മുന്നേറ്റങ്ങളാണ് നവോദയ ചെയ്യുന്നത്. നിരാലംബരും തള്ളപ്പെട്ടവരുമായ ട്രാൻസ് സമൂഹത്തിന് മാർത്തോമ്മാ സഭ വലിയ പ്രതീക്ഷയാണ്. ലൈംഗിക തൊഴിലിലും മറ്റ് ദുരിത മേഖലകളിലും ജീവിതം കഴിച്ചുകൂട്ടുന്ന ഇവർക്ക് നവോദയ മൂവ്മെന്റിന്റെ ട്രാൻസ്ഫാം സ്വയംതൊഴിൽ പദ്ധതികൾ തുടങ്ങിയതിലൂടെ

ലഭിക്കുന്ന പുതിയ ജീവൻ ഏറെ പ്രോത്സാഹന ജനകമാണ്. കേരളത്തിലെ വിവിധ ജില്ലകളിലായി നിലവിൽ 11 ട്രാൻസ്ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ചെങ്ങന്നൂർ മുളക്കുഴയിലുള്ള ട്രാൻസ്ഫാമിന് കേരളസംസ്ഥാന സർക്കാരിന്റെ ട്രാൻസ്ജെൻഡർ കർഷകയ്ക്കുള്ള അവാർഡ് ലഭിച്ച വിവരം വളരെ സന്തോഷം നൽകുന്നതാണ്. ഇതിന്റെ പ്രവർത്തകരെ അഭിനന്ദിക്കുന്നു. കഠിനാധ്വാനത്തിലൂടെ, സമർപ്പണത്തിലൂടെ കാർഷിക മേഖലയിൽ വൻ മുന്നേറ്റം സൃഷ്ടിക്കുന്നതിനും സമൂഹത്തിന് അത് വലിയൊരു മാതൃകയാക്കുന്നതിനും ട്രാൻസ് വിഭാഗത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ മാറുന്നതിനും ഇത്തരം നേട്ടങ്ങൾ വളരെ ഫലം ചെയ്യും. തിരുവനന്തപുരത്ത് നെയ്യാറ്റിൻകരയിൽ കേരള സർക്കാർ അംഗീകാരത്തോടും സാമ്പത്തിക സഹായത്തോടും പ്രവർത്തിക്കുന്ന ട്രാൻസ്മെൻ ഷെൽട്ടർ ഹോം കേരളത്തിലെ ഏക ഷെൽട്ടർഹോം ആണ്. അത് കേരള സർക്കാർ മാർത്തോമ്മാ സഭ നവോദയ മൂവ്മെന്റിന് അനുവദിച്ചു നൽകിയെന്നത് പ്രസ്ഥാനത്തിനുള്ള സർക്കാരിന്റെ അംഗീകാരമായി മനസ്സിലാക്കുന്നു. ഈവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന എല്ലാവരേയും അഭിനന്ദിക്കുന്നു.

കൊൽക്കത്ത ആർ. ജി. കാർ മെഡിക്കൽ കോളേജിലെ ഒരു പി. ജി. ഡോക്ടർ പീഡനത്തിനിരയായി കൊല്ലപ്പെട്ട സംഭവം തൊഴിൽ മേഖലകളിൽ സ്ത്രീകൾ സുരക്ഷിതരല്ല എന്ന് സൂചിപ്പിക്കുന്നു. സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രതിസന്ധികൾ അന്വേഷിച്ച ഹേമാ കമ്മിറ്റി പുറത്തുവിട്ട റിപ്പോർട്ട് സാംസ്കാരിക കേരളത്തിനേൽപ്പിച്ച ആഘാതവും ചെറുതല്ല. മലയാള സിനിമാ വ്യവസായ മേഖലയിൽ നടക്കുന്നത് വ്യാപകമായ മനുഷ്യാവകാശ ലംഘനങ്ങളാണെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗങ്ങൾ പോലും അഭിപ്രായപ്പെട്ടിരിക്കുന്നു. ആൺകോയ്മയുടെ മൂല്യങ്ങളെ ഉറപ്പിക്കുന്ന തീവ്ര പാരമ്പര്യ വാദികളായി നമ്മുടെ സമൂഹം അധഃപതിക്കരുത്. തുല്യതയുടെയും പരസ്പര ബഹുമാനത്തിന്റെയും ഉദാത്ത മാനുഷീക മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെ രാജ്യത്തു നിലനിൽക്കുന്ന ക്രിമിനൽ ചട്ടങ്ങൾ അനുസരിച്ചു നേരിടണം. സ്ത്രീ സൗഹൃദ സമൂഹമായി നാം വളരേണ്ടിയിരിക്കുന്നു.

നവീകരണത്തിലൂടെ മലങ്കര സഭയിലുണ്ടായ സുവിശേഷ തീക്ഷ്ണതയുടെയും ആത്മീക ഉണർവ്വിന്റെയും ഫലമായി രൂപംകൊണ്ട മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ ശതാബ്ദി സമാപന സമ്മേളനം ആഗസ്റ്റ് മാസം 23 -ാം തീയതി സംഘത്തിന്റെ ജന്മ ഗൃഹമായ അയിരൂർ ചായൽ മാർത്തോമ്മാ പള്ളിയിൽ വെച്ച് അനുഗ്രഹകരമായി നടത്തപ്പെട്ടു. സ്ഥാപക നേതൃത്വത്തെയും, മുൻകാല നേതാക്കളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും, ഇപ്പോൾ നേതൃത്വം നല്കുന്ന അഭി. സെറാഫീം തിരുമേനിയേയും സംഘത്തിന്റെ ഭാരവാഹികളെയും അഭിനന്ദിക്കുകയും ചെയ്യുന്നു. വെല്ലുവിളികൾ നിറഞ്ഞ സമകാലിക സാഹചര്യങ്ങളിൽ അർത്ഥവത്തായ ശുശ്രൂഷകൾ തുടർന്നും നിർവ്വഹിക്കുവാൻ സംഘത്തിലൂടെ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ കൊട്ടാരക്കര മാർത്തോമ്മാ എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരത്തിന്റെ 60-ാം പിറന്നാൾ ആഘോഷിച്ചു. ഡോ. യൂഹാനോൻ മാർ ത്തോമ്മാ മെത്രാപ്പോലീത്താ, ഡോ. മാത്യൂസ് മാർ അത്താനാസിയോസ് എന്നിവരുടെ എപ്പിസ്ക്കോപ്പൽ രജത ജൂബിലി സ്മാരകമായി ആരംഭിച്ച ഈ സ്ഥാപനം പൊതു സമൂഹത്തിന് ഉപകാരപ്രദമായ ഒരു മാതൃകാ സ്ഥാപനമാണ്. ഇതിനോടകം 762 പേർക്ക് അഭയം നല്കി. വിദ്യാഭ്യാസ കരുതൽ പദ്ധതി, ക്യാൻസർ കെയർ, പാലിയേറ്റിവ് യൂണിറ്റ്, ഉന്നത വിദ്യാഭ്യാസ സഹായം എന്നിവയോടൊപ്പം മണിപ്പൂരിൽ നിന്നുള്ള 10 ആൺകുട്ടികൾക്ക് പഠന, താമസ സൗകര്യവും ഒരുക്കുന്നു. നേതൃത്വം നല്കുന്ന ചുമതലക്കാരെ അഭിനന്ദിക്കുന്നു. നമ്മുടെ കീഴില്ലം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്ക്കൂൾ ശതാബ്ദി ആഘോഷിച്ചു.സാധാരണക്കാരുടെ ഉന്നമനത്തിനായി മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം 100 വർഷങ്ങൾക്കപ്പുറം ആരംഭിച്ച കലാലയമാണിത്. അക്ഷര വെളിച്ചത്തിലേക്ക് അനേക തലമുറകളെ നയിക്കുവാൻ ഇതിനോടകം ഈ സ്ഥാപനത്തിലൂടെ സാധ്യമായി. ശതാബ്ദി സ്മാരക മന്ദിരത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് കൂദാശ നിർവ്വഹിച്ചു. സ്ക്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിനെയും, അദ്ധ്യാപക-അനദ്ധ്യാപകരെയും ഇടവകയെയും പ്രത്യേകം അഭിനന്ദിക്കുന്നു. സെപ്റ്റംബർ 5 അദ്ധ്യാപക ദിനമായി നാം ആചരിക്കുമ്പോൾ അദ്ധ്യാപകരുടെ നിസ്തുലമായ സേവനങ്ങളെ ഓർത്തു ദൈവത്തെ സ്തുതിക്കാം. നല്ല അദ്ധ്യാപകരാണ് ഒരു നല്ല ദേശത്തെ രൂപപ്പെടുത്തുന്നത് എന്നതിൽ സംശയം ഇല്ല. നമ്മുടെ എല്ലാ അദ്ധ്യാപകരെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കാം.

നവീകരിച്ച റാന്നി-നിലയ്ക്കൽ ഭദ്രാസന അരമനയുടെ പ്രതിഷ്ഠാ ശുശ്രൂഷ നിർവ്വഹിച്ചു. പുതിയ മന്ദിരത്തിന് തപോവൻ എന്ന് നാമകരണം ചെയ്തു. 2018 ലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച ഭദ്രാസന ആസ്ഥാന മന്ദിരത്തിന്റെ നവീകരണത്തെ തുടർന്നാണ് കൂദാശയും നാമകരണവും നിർവ്വഹിച്ചത്. ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ.ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായേയും, ഭദ്രാസന ഭാരവാഹികളെയും, കൗൺസിൽ അംഗങ്ങളെയും അഭിനന്ദിക്കുന്നു.

നമ്മുടെ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനി ബാംഗ്ലൂർ യുണൈറ്റഡ് തിയളോജിക്കൽ കോളേജിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. അഭിവന്ദ്യ ഡോ. ജോസഫ് മാർ ഇവാനിയോസ് എപ്പിസ്ക്കോപ്പായാണ് തൽസ്ഥാനത്ത് ഇതുവരെ തുടർന്ന് വന്നിരുന്നത്. അഭിവന്ദ്യ മാത്യൂസ് മാർ സെറാഫിം എപ്പിസ്ക്കോപ്പാ തിരുമേനി കെ. സി. സി. വൈസ് ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടു.

മാർത്തോമ്മാ സണ്ടേസ്‌ക്കൂൾ സമാജം ജനറൽ സെക്രട്ടറിയായി റവ. സജേഷ് മാത്യു അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. പുതിയ ചുമതലാ സ്ഥാനങ്ങളിലേക്ക് പ്രവേശിക്കുന്നവർക്ക് അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു. കഴിഞ്ഞ 6 വർഷക്കാലം സമാജം പ്രവർത്തനങ്ങൾക്ക് ജനറൽ സെക്രട്ടറിയെന്ന നിലയിൽ റവ. ജോർജ്ജ് ചെറിയാൻ അച്ചൻ അനുഗ്രഹീത നേതൃത്വം നല്കി. ഇത് കൂടാതെ സമാജം അസിസ്റ്റന്റ് സെക്രട്ടറി എന്ന നിലയിലും ഇതിന് മുമ്പ് 5 വർഷക്കാലം അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. സഭയുടെ പേരിൽ അച്ചനോടുള്ള നന്ദി അറിയിക്കുന്നു. കേരളാ ഹൈക്കോടതിയിൽ ജഡ്ജിയായും ആക്ടിങ് ചീഫ് ജസ്റ്റിസായും പ്രവർത്തിച്ച നമ്മുടെ എറണാകുളം ശാലേം മാർത്തോമ്മാ ഇടവകാംഗം ജസ്റ്റിസ് അലക്സാണ്ടർ തോമസിനെ കേരളാ മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷനായി നിയമിച്ചു എന്നറിയുന്നത് സന്തോഷകരമാണ്. മലയാള സിനിമയുടെ അഭിമാനവും നമ്മുടെ കുറ്റപ്പുഴ യെരുശലേം മാർത്തോമ്മാ ഇടവകാംഗവുമായ ശ്രീ. ബ്ലെസി ഐപ് തോമസ് 'ആടു ജീവിതം' എന്ന സിനിമയിലൂടെ ഒരിയ്ക്കൽക്കൂടി മികച്ച സംവിധായകനായി സംസ്ഥാന അവാർഡ് നേടി. മലയാള സിനിമയെ അനശ്വരമാക്കിയ സംവിധായകനാണ് ബ്ലെസി. സഭയുടെ പേരിലുള്ള അഭിനന്ദനങ്ങൾ ഇവരെ അറിയിക്കുന്നു. ന്യൂസിലാന്റിലുള്ള നമ്മുടെ ഓക്‌ലന്റ് മാർത്തോമ്മാ ഇടവകയ്ക്ക് വേണ്ടി സ്വന്തമായി ഒരു ദൈവാലയം വാങ്ങിയതിൽ ഇടവക വികാരിയെയും കൈസ്ഥാന സമിതിയെയും ജനങ്ങളെയും അഭിനന്ദിക്കുന്നു. ആ രാജ്യത്തെ ആദ്യ മാർത്തോമ്മാ ദൈവാലയമാണിത്.

സെപ്റ്റംബർ മാസത്തിലെ വേദ വായനാ ഭാഗങ്ങളും ചിന്താ വിഷയങ്ങളും പൊതു സമൂഹത്തിൽ സഭയുടെ ഇടപെടലുകൾ സമഗ്രമായ സമൂഹസൃഷ്ടിക്കു പ്രചോദനമായിത്തീരണമെന്ന് ഓർമിപ്പിക്കുന്നു. പരിശുദ്ധാത്മ പ്രേരിതമായ സഭ അങ്ങനെയാണ് സുവിശേഷത്തിന്റെ സാക്ഷികൾ ആയി തീരുന്നത്. സെപ്റ്റംബർ 1 ഞായർ 'വിദ്യാഭ്യാസ ദിനമായി' സഭ ആചരിക്കുന്നു. പൂർവ കാലങ്ങളിൽ ഈ രംഗത്തുള്ള സഭയുടെ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നല്ലോ. വിദ്യാഭ്യാസത്തിന്റെ ആത്മിക അടിത്തറകൾ ശക്തമായിരുന്നാൽ മാത്രമേ വിദ്യാഭ്യാസം വിമോചനാത്മകമാവുകയുള്ളു. നമ്മുടെ വിദ്യാലയങ്ങളും വിദ്യാഭ്യാസ പ്രവർത്തകരും ദൈവത്തോടും സമൂഹത്തോടുമുള്ള പ്രതിബദ്ധതയിൽ നിലനിന്നു പ്രവർത്തിക്കുന്നതിനുള്ള സമർപ്പണം പുതുക്കുന്നതിന് വിദ്യാഭ്യാസ ദിനാചരണം സഹായകരമായി തീരട്ടെ.

സെപ്റ്റംബർ 8 ഞായറാഴ്ച സേവികാസംഘ ദിനമായി വേർതിരിച്ചിരിക്കുന്നു. 'സ്ത്രീകൾ സുവിശേഷത്തിന്റെ സാക്ഷികൾ' എന്നതാണ് ധ്യാനവിഷയം. പ്രതിസന്ധിയുടെ മദ്ധ്യത്തിൽ, തനിക്കു ലഭിച്ച വെളിച്ചത്തെ മുറുകെ പിടിച്ച് ചരിത്രം സൃഷ്ടിക്കുവാൻ രൂത്തിനു കഴിഞ്ഞല്ലോ. ലുദിയായും യേശുവിനോടൊപ്പം സഞ്ചരിച്ച സ്ത്രീകളും തങ്ങളുടെ ഉൾച്ചേരലുകൾ കൊണ്ട് സുവിശേഷത്തിന്റെ സാക്ഷികൾ ആയല്ലോ. യേശുകർത്താവിന്റെയും വിശുദ്ധ പൗലോസ് അപ്പോസ്തോലന്റെയും മനോഭാവം എല്ലാ കാലത്തും സഭ അനുകരിക്കേണ്ടതുണ്ട്. വർദ്ധിത സമർപ്പണത്തോടെ സുവിശേഷ സാക്ഷികൾ ആകുന്നതിനു സ്ത്രീസമൂഹത്തെ ദൈവം സഹായിക്കട്ടെ.

മുതിർന്ന പൗരരെ ആദരിക്കുന്നതിനും അവരെ ഓർത്തു ദൈവത്തിനു സ്തോത്രം ചെയ്യുന്നതിനും വേണ്ടി സെപ്റ്റംബർ 15 ഞായർ വേർതിരിച്ചിരിക്കുന്നു. അനുഭവ സമ്പത്തു കൊണ്ട് ധന്യരായ മുതിർന്ന പൗരരുടെ താലന്തുകൾ പൊതു നന്മക്കായി ഉപയോഗപ്പെടണം. സജീവമായ ദൈവബന്ധമാണ് പ്രത്യാശയും സാമൂഹിക പ്രതിബദ്ധതയും നൽകുന്നതെന്നു വയോധികരായ ശിമയോനും ഹന്നായും നമ്മെ അറിയിച്ചു തരുന്നുണ്ട്. മുതിർന്ന പൗരരെ ബഹുമാനിക്കുന്നതിനും അവരെ കർമ്മോൽസുകർ ആക്കുന്നതിനും ഈ ദിനാചരണം സഹായകരമായി തീരട്ടെ.

സെപ്റ്റംബർ 22 ഞായറാഴ്ച്ച സഭ ധ്യാനിക്കുന്നത് വിശുദ്ധ കുർബാനയെക്കുറിച്ച് ആണല്ലോ. സഭ വിശുദ്ധ കുർബാന സമൂഹമാണ്. വിശുദ്ധ കുർബാനയാണ് സഭയുടെ ഉണ്മയും ദൗത്യവും നിർവ്വചിക്കുന്നത്. കർത്താവിന്റെ രണ്ടാം വരവോളം വിശുദ്ധ കുർബാനയുടെ അനുഭവത്തിലൂടെ അവിടുത്തെ സജീവ സാന്നിധ്യം അനുഭവിച്ച് സകല ജനതകളെയും ശിഷ്യരാക്കുന്ന ദൗത്യത്തിൽ ഉൾചേരുവാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ കേവല കർമ്മാചാരമല്ല, യേശുവിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ദൈവരാജ്യത്തിന്റെ രുചിയായി വി. കുർബാന തീരുകയാണ്. വി. കുർബാനയുടെ അനുഭവം കൂടുതൽ അർത്ഥപൂർണമാക്കിത്തീർക്കാൻ സഭക്ക് ഇടയാകട്ടെ.

സെപ്റ്റംബർ 29 ഞായറാഴ്ച 'പ്രാർത്ഥന: ദൈവവുമായുള്ള നിരന്തര സമ്പർക്കം' എന്ന വിഷയം സഭ ധ്യാനിക്കുന്നു. ക്രിസ്തീയ ജീവിതത്തിൽ ഒഴിച്ചുകൂടാനാകാത്ത ഒന്നാണ് പ്രാർത്ഥന. വാക്ചാതുര്യമോ അതിഭാഷണമോ അറിവിന്റെ പ്രകടനമോ അല്ല പ്രാർത്ഥന. പിതാവാം ദൈവത്തോട് രഹസ്യത്തിൽ കഴിക്കുന്ന അഭയയാചന, ദൈവിക ആലോചനകളെ സ്വീകരിക്കുന്നതിനും ജീവിതത്തെ ക്രമപ്പെടുത്തുന്നതിനും നമ്മെ സഹായിക്കും. പ്രാർത്ഥനയുടെ രഹസ്യാത്മകത അകത്തെ മനുഷ്യനെ ശക്തിപ്പെടുത്തും എന്ന ഉൾക്കാഴ്ചയും ഈ ദിവസത്തെ ധ്യാനം നമുക്കു പകരുന്നുണ്ട്. പ്രകടനാത്മകത വർദ്ധിച്ചു വരുന്ന കാലങ്ങളിൽ, ദൈവബന്ധത്തിന്റെ സത്യസന്ധത കാക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
27. 08. 2024

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**